LIBRARY ARCHIVES Kerala Legislative Assembly

മിശ്ര വിവാഹിതരുടെ മക്കളുടെ ജാതി

113(4744) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്ര വിവാഹിതരുടെ മക്കൾക്ക് മാതാപിതാക്കളുടെ ജാതിയിൽ ഏത് വേണമെങ്കിലും സ്വീകരിക്കാം എന്നതു സംബന്ധിച്ച് കോടതി വിധി നിലവിലുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് താലൂക്ക്-വില്ലേജ് ഓഫീസുകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ നിർദ്ദേശം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

(ബി) ഉണ്ട്.

(സി) ബാധകമല്ല.

വനഭൂമി ഉള്ള കർഷകർക്ക് കൈവശാവകാശ രേഖ ലഭ്യമാക്കൽ

114(4745) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുരാച്ചുണ്ട്, കാന്തലാട്, ചക്കിട്ടപ്പാറ വില്ലേജുകളിൽ 1-1-1977-ന് മുമ്പ് മുതൽ വനഭൂമി കൈവശം വച്ചനുഭവിച്ചു വരുന്ന എത്ര കർഷകരാണ് കൈവശാവകാശ രേഖ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുള്ളത്;

(ബി) ഓരോ വില്ലേജിലും എത്ര അപേക്ഷകരാണുള്ളത്; ആരെല്ലാമാണ് അപേക്ഷകർ;

(സി) വിവിധ ഘട്ടങ്ങളിലായി ഓരോ വില്ലേജിലും എത്രപേർക്ക് കൈവശരേഖ നൽകിയിട്ടുണ്ട്;

(ഡി) ഓരോ വില്ലേജിലും എത്ര പേർക്കാണ് കൈവശ രേഖ നൽകാനുള്ളത്;

(ഇ) കുരാച്ചുണ്ട്, കാന്തലാട്, ചക്കിട്ടപ്പാറ വില്ലേജുകളിലെ കർഷകർക്ക് കൈവശ രേഖ നൽകുന്നതുമായി ബന്ധപ്പെട്ട് 16-1-2013-ൽ ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത ഉന്നതതല യോഗത്തിൽ ആരെല്ലാമാണ് പങ്കെടുത്തത്;

(എഫ്) 16-1-2013-ൽ ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു;

(ജി) 16-1-2013-ന് ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത ഉന്നതതല യോഗത്തിലെ തീരുമാനപ്രകാരം കൈക്കൊണ്ട തുടർനടപടികൾ എന്തെല്ലാമാണ്; ഏകദേശം രണ്ട് വർഷക്കാലമായിട്ടും പ്രസ്തുത യോഗ തീരുമാനങ്ങൾ നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 123 അപേക്ഷകർ ഉണ്ടായിരുന്നു

(ബി) കൊയിലാണ്ടി താലൂക്കിലെ കുരാച്ചുണ്ട് വില്ലേജിൽ 88-ഉം, താമരശ്ശേരി താലൂക്കിലെ കാന്തലാട് വില്ലേജിൽ 35-ഉം അപേക്ഷകർ ഉണ്ടായിരുന്നു. ചക്കിട്ടപ്പാറയിൽ അപേക്ഷകർ ഇല്ലായിരുന്നു. അപേക്ഷകരുടെ ലിസ്റ്റ് അനുബന്ധം I-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.*

(സി) കൈവശരേഖ നൽകിയിട്ടില്ല.

(ഡി) കുരാച്ചുണ്ട് വില്ലേജിൽ 88 കൈവശക്കാരിൽ രേഖകൾ ഹാജരാക്കിയ 47 പേരുടെയും കാന്തലാട് വില്ലേജിൽ 35 കൈവശക്കാരിൽ രേഖകൾ ഹാജരാക്കിയ 15 പേരുടെയും കൈവശമിരിക്കുന്ന 94 ഹെക്ടർ ഭൂമിയിൽ റവന്യൂ/വനം വകുപ്പുകളുടെ സംയുക്ത സർവ്വേ നടപടി തുടർന്നു വരുന്നു. പ്രസ്തുത നടപടി പൂർത്തിയായതിനു ശേഷം മാത്രമേ കൈവശരേഖ നൽകുന്നത് സംബന്ധിച്ച തീരുമാനത്തിലെത്തുവാൻ കഴിയുകയുള്ളൂ.

(ഇ) ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത ഉന്നതതല യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(എഫ്) 1 പട്ടയം, ആധാരം, ലാന്റ് ഏരിയ രജിസ്റ്റർ ഇവ പരിശോധിച്ച് ഇവയിൽ ഏതെങ്കിലുമൊന്ന് കർഷകർക്ക് അനുകൂലമാണെങ്കിൽ കൈവശാവകാശരേഖ നൽകുന്നതിനും കരം സ്വീകരിക്കുന്നതിനുമുള്ള നിയമപ്രകാരമുള്ള അനന്തര നടപടികൾ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

2 കുരാച്ചുണ്ട് വില്ലേജിലെ പരാതികളിൽ 2013 മാർച്ച് 31-ന് മുമ്പും കാന്തലാട് വില്ലേജിലെ പരാതികളിൽ 2013 ഏപ്രിൽ 30-ന് മുമ്പും നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ജി) പ്രസ്തുത യോഗ തീരുമാനപ്രകാരം കരം സ്വീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചപ്പോൾ ടി ഭൂമികൾ വനഭൂമിയിൽ ഉൾപ്പെട്ടതാണെന്ന വനം വകുപ്പിന്റെ അവകാശവാദത്തെതുടർന്ന് 4-3-2014, 11-7-2014 എന്നീ തീയതികളിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിട്ടുണ്ടായിരുന്നു. 11-7-2014-ലെ തീരുമാനമനുസരിച്ച് വനം/റവന്യൂ സംയുക്ത സർവ്വേ നടത്തി കല്ലിടുന്ന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ദുരന്ത നിവാരണ അതോറിറ്റി

115(4746) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിൽ ദുരന്ത നിവാരണ സംവിധാനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം വകുപ്പുകളാണ് ഇതിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിൽ സംസ്ഥാന അടിയന്തരഘട്ട കാര്യ നിർവ്വഹണകേന്ദ്രം (സ്റ്റേറ്റ് ഏമർജൻസി ഓപ്പറേഷൻസ് സെന്റർ) എന്ന പേരിൽ ദുരന്ത നിവാരണ സംവിധാനം നിലവിൽ പ്രവർത്തിച്ചു വരുന്നു.

(ബി) സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്ററിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

(1) 24 മണിക്കൂറും സജ്ജമായ നിരീക്ഷണ പരിരക്ഷണ സംവിധാനം

(2) സംസ്ഥാനത്ത് പൊതുവായുണ്ടാകുന്ന ദുരന്തങ്ങളെ സമഗ്രമായി പഠനവിധേയമാക്കുക.

LIBRARY ARCHIVES Kerala Legislative Assembly